# കൈത്താക്കാലം
## വചന വിചിന്തനം
### ഏലിയക്കാലം : രണ്ടാം ഞായർ
### മത്താ 13,1–23

"ഭൂമിയിലെ കഥകൾ പറഞ്ഞ്
സ്വർഗ്ഗത്തിന്റെ വിശേഷങ്ങൾ പങ്കുവയ്ക്കുന്ന കർത്താവ്
ഓർമ്മപ്പെടുത്തുന്നത് ഇത്രമാത്രം,
"നല്ല നിലത്തു വീണ വിത്തുകൾ നൂറു മേനിയും
അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി!"
മത്താ 13,9

ഇത്
വിതക്കാരന്റെ ഉപമയല്ല.
മറിച്ച്,
വിത്ത് പതിക്കുന്ന
ഇടങ്ങളെ കുറിച്ചുള്ള
ഉപമയാണ്.
ഒരുക്കമുള്ള ഇടങ്ങൾ
100 മേനി വിളവ്
സമ്മാനിക്കും എന്നുള്ള
ഉറപ്പ് നൽകുന്ന ഉപമ.

"വിതക്കാരൻ വിതയ്ക്കാൻ പുറപ്പെടുന്നു. അവൻ വിതച്ചപ്പോൾ വിത്തുകളിൽ കുറെ വഴിയരുകിൽ വീഴുന്നു. ആ വിത്തുകളിൽ കുറെ പക്ഷികൾ വന്ന് തിന്നു. കുറെ വിത്തുകൾ മണ്ണ് അധികമില്ലാത്ത പാറമേൽ വീണു. അവ പെട്ടെന്ന് മുളച്ചുപൊങ്ങിയെങ്കിലും മണ്ണിന് ആഴമില്ലാതിരുന്നതുകൊണ്ട് സൂര്യനുദിച്ചപ്പോൾ അവ വെയിലേറ്റു വാടുകയും വേരില്ലാതിരുന്നതിനാൽ കരിഞ്ഞുപോവുകയും ചെയ്തു. പിന്നെയും കുറെ വിത്തുകൾ മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ വളർന്ന് അതിനെ വളരാൻ സാധിക്കാത്ത വിധം ഞെരുക്കിക്കളഞ്ഞു. അവസാനമായി ചില വിത്തുകൾ നല്ല നിലത്തു വീണു. ആ വിത്തുകൾ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി." എത്ര മനോഹരമായ ഉപമ. മൂന്നാമതൊരാളുടെ സഹായം ഇല്ലാതെ തന്നെ ഭംഗിയായി മനസിലാക്കാൻ സാധിക്കുന്ന ഉപമ. ചുരുക്കത്തിൽ, ഭൂമിയിലെ കഥകൾ പറഞ്ഞ് കർത്താവ് സ്വർഗ്ഗത്തിന്റെ രഹസ്യങ്ങൾ പങ്കുവയ്ക്കുന്നു. എങ്കിൽ, കർത്താവ് ഇന്നു അടിവരയിട്ട് പറയുന്നത് ഇത്രമാത്രമാണ്,

"നല്ല നിലത്തു വീണ വിത്തുകൾ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി" (മത്താ 13,9).

ഇത് തിരിച്ചറിയാനായി ധ്യാനകേന്ദ്രത്തിലേയ്ക്കൊന്നു നോക്കിയാൽ മതി. 1000 പേർ വചനം കേൾക്കാനായിരിക്കുന്നുണ്ട്. വചനപ്രഘോഷകൻ ഒരാൾ തന്നെ. പങ്കുവയ്ക്കുന്ന വചനവും ഒന്നു തന്നെ. എന്നിട്ടും, വചനത്തിനനുസരിച്ച് മാനസാന്തരങ്ങളും മാറ്റങ്ങളും സംഭവിക്കുന്നത് ചുരുക്കം ചിലർക്ക് മാത്രം. അവർ ഒരുക്കമുള്ള ഹൃദയത്തോടുകൂടി വചനം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവരായിരിക്കും. ക്രിസ്തു പറയുന്ന, "നല്ല നിലത്തു വീണ വിത്തുകൾ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി" എന്നതിലെ നല്ല നിലം എന്നു പറയുന്നത് ഒരുക്കമുള്ള ഹൃദയത്തെയാണ് സൂചിപ്പിക്കുന്നത്. വചനം കേട്ടിട്ടും നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകുവൻ സാധിക്കുന്നില്ലെങ്കിൽ നാം ഒരുക്കമുള്ള ഹൃദയത്തോടുകൂടെയല്ല വചനം സ്വീകരിക്കുന്നത് എന്നുള്ള വിവക്ഷ കൂടി ഇതിന്റെ പുറകിലുണ്ട്.

ഒരിക്കൽ രണ്ടു ചങ്ങാതിമാർ ഒരു യാത്ര പോകുകയായിരുന്നു. ഒരു നീണ്ട യാത്ര... യാത്രയുടെ ഇടയിൽ അവർ തമ്മിൽ ഒരു കുഞ്ഞു പിണ

ക്കമുണ്ടായി. ദേക്ഷ്യം സഹിക്കവയ്യാതെ ഒന്നാമൻ രണ്ടാമനെ ഒന്ന് തല്ലി... സങ്കടത്തോട് രണ്ടാമൻ നിലത്തു കുത്തിയിരുന്നു മണലിൽ ഇങ്ങനെ എഴുതി...

"ഇന്ന് എന്റെ ചങ്ങാതി എന്നെ തല്ലി..."

അവർ പിന്നെയും യാത്ര തുടർന്നു. അവർ മലവെള്ളപ്പാച്ചിലിൽ കരകവിഞ്ഞൊഴുകുന്ന ഒരു പുഴയുടെ കരയിലെത്തി. പെട്ടെന്ന് രണ്ടാമൻ അതിലേക്കു കാലുവഴുതി വീണു... ഒന്നാമൻ തന്റെ സുഹൃത്തിനെ സാഹസീകമായി പുഴയിൽചാടി രക്ഷിച്ചു. കരയിലെത്തിയ രണ്ടാമൻ, തന്റെ ഭാണ്ഡത്തിൽ നിന്നും ഉളിയെടുത്തു അടുത്തുള്ള വലിയ പാറയിൽ ഇങ്ങനെ കൊത്തി;

"ഇന്ന് എന്റെ ചങ്ങാതി എന്റെ ജീവൻ അതിസാഹസികമായി രക്ഷിച്ചു!"

ഒന്നാമൻ ചോദിച്ചു; "ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ മണലിലെഴുതി, നിന്നെ സഹായിച്ചപ്പോൾ ശിലയിൽ കൊത്തി. അത് എന്താണ്?"

"നീ എന്നെ വേദനിപ്പിച്ചത് മണ്ണിലെ എഴുതാവു. കാരണം, ഒരു ചെറുകാറ്റിൽ അത് മാഞ്ഞു പോകണം, അതിന്റെ ആയുസ്സ് ഒരു നിമിഷത്തെക്കെ ഉണ്ടാകാൻ പാടുള്ളൂ . എന്നാൽ, നീ എന്നെ സഹായിച്ചത് ശിലയിൽ എഴുതണം അത് എന്നും നിലനില്ക്കണം, എന്റെ ജീവൻ പോയാലും..."

ഒരുവൻ തന്നെ സഹായിച്ചാൽ അത് ശിലയിൽ തന്നെ കൊത്തണം. തന്നെ സഹായിച്ചവന് ഇനിയും ഒരുപാട് പേരെ സഹായിക്കാൻ അത് പ്രചോദനമാകും. പക്ഷെ, തന്നെ സഹായിച്ചവന്റെ പേര് ശിലയിൽ കൊത്തണമെങ്കിൽ അവന്റെ ഹൃദയം നന്മ നിറഞ്ഞതാകണം. ആ ഹൃദയത്തിന്റെ വലിയ പ്രത്യേകത കർത്താവ് പങ്കുവയ്ക്കുന്നത് ഇപ്രകാരമാണ്; "നല്ല നിലത്തു വീണ വിത്തുകൾ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി" (മത്താ 13,9). എങ്കിൽ ഫലം ചൂടി നിൽക്കുന്ന വൃക്ഷങ്ങളാകണമെങ്കിൽ ഹൃദയത്തെ ഉഴുതു മറിച്ച്, ഒരുക്കമുള്ളതാക്കി സൂക്ഷിക്കാൻ നമ്മുക്ക് സാധിക്കണം. വിത്തിന്റെ 'ക്വളിറ്റി' എന്നതിനേക്കാൾ പതിക്കുന്ന ഇടത്തിന്റെ 'ക്വളിറ്റി'ക്കനുസരിച്ചാണ് ഫലം സമ്മാനിക്കാൻ സാധിക്കുക.

**ഫലം വിളഞ്ഞതിനും ഫലം വിളയാത്തതിനും ഉത്തരവാദി നിലം മാത്രമാണ്. കാരണം, നിലം ഒന്നുകിൽ ഒരുക്കമുള്ളതായിരുന്നു. അല്ലെങ്കിൽ, ഒരുക്കം ഇല്ലാത്തതായിരുന്നു.**

കർത്താവ് ഒരിക്കലും ആഗ്രഹിക്കാത്ത ഒന്ന്, "ഫലം വിളയിക്കാത്ത ശാപഭൂമിയായി നമ്മുടെ ഹൃദയങ്ങൾ മാറരുത്" എന്നതാണ്. പാറപ്പോലെ കഠിനമാക്കുന്ന ഹൃദയവും മുള്ളുപ്പോലെ മറ്റുള്ളവരെ വേദനിപ്പിക്കുന്ന ഹൃദയവും ആർക്കും ചവിട്ടിക്കൂട്ടാൻ ഇട്ടുകൊടുക്കുന്ന ഹൃദയവും കർത്താവ് ആഗ്രഹിക്കുന്നില്ല. മറിച്ച്, നല്ല ഒരുക്കമുള്ള ഹൃദയത്തോടെ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകുന്ന ഹൃദയങ്ങളെയാണ് കർത്താവ് സ്വപ്നം കാണുന്നതും ആഗ്രഹിക്കുന്നതും.

"നല്ല നിലത്തു വീണ വിത്തുകൾ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി" (മത്താ 13,9). ഇതൊരു വിത്തിന്റെ, അതു പതിച്ച ഇടത്തിന്റെ സാക്ഷ്യമാണ്. ഞാൻ നല്ല ഇടമാണ്... ഞാൻ നല്ല വിത്താണ്... അതുകൊണ്ട് തന്നെ ഞാൻ നൂറുമേനി ഫലം സമ്മാനിച്ചു

എന്നത്. ഈ സാക്ഷ്യം നൽകാൻ ഇന്ന് നമ്മുക്ക് സാധിക്കുന്നുണ്ടോ? വചനം പതിച്ച ഹൃദയം പതിച്ച വചനത്തിന്റെ ശോഭയാൽ ജ്വലിക്കുന്നുണ്ടോ? ഈ കഴിഞ്ഞ ഞായറാഴ്ച്ച (21.08.2016) ഇന്ത്യൻ സമയം 2 മണിക്ക് 'റിയോ 2016' ഒളിബിക്സിൽ ബ്രസിലും ജർമനിയും തമ്മിലുള്ള വാശിയേറിയ ഫുട്ബോൾ ഫൈനൽ മത്സരം നടത്തപ്പെട്ടു. അതിൽ ജയിച്ചത് ബ്രസിൽ ആണ്. നിർണായകമായ രണ്ട് ഗോളുകൾ നേടിയ നെയ്മർ വിജയത്തിന് ശേഷം തന്റെ തലയിൽ "100% ജീസസ്" എന്നുള്ള ബാന്റ് കെട്ടുകയുണ്ടായി. ഒളിമ്പ്ക്സിൽ ഇത് നെയ്മറിന്റെ ക്രിസ്തീയ സാക്ഷ്യമാണ്... വചനം പതിച്ച ഇടം ഒരുക്കമുള്ള ഇടത്തിലാണ് എന്നുള്ള സാക്ഷ്യം!

റിയോ ചരിത്ര നേട്ടത്തിലേക്ക് ബ്രസീൽ ഫുട്ബോൾ ടീമിനെ കൈപിടിച്ചുയർത്തി വീരനായകനായി മടങ്ങുമ്പോൾ വിജയം പൂർണ്ണമായും ക്രിസ്തുവിന് സമർപ്പിക്കുകയായിരുന്ന നെയ്മർ. മാറക്കാന സ്റ്റേഡിയത്തിൽ ജർമനിക്കെതിരെ നേടിയ സുവർണ്ണ വിജയത്തിനു ശേഷം "100% ജീസസ്" എന്ന ബാൻഡ് തന്റെ നെറ്റിയിൽ അണിഞ്ഞ നെയ്മർ സ്റ്റേഡിയത്തിൽ തടിച്ച് കൂടിയ ഫുട്ബോൾ പ്രേമികൾക്ക് നല്കിയത് ക്രിസ്തീയ വിശ്വാസത്തിന്റെ മറ്റൊരു സാക്ഷ്യമാണ്. താൻ കാണിക്കുന്ന മികവ് പൂർണ്ണമായും കർത്താവ് നൽകിയതാണെന്നുള്ള വലിയ സാക്ഷ്യമാണ് ഈ ബാൻഡിലൂടെ നെയ്മർ ലോകത്തോട് വിളിച്ച് പറഞ്ഞത്. ആദ്യ പകുതിയിലെ ഗോളും പെനാൽറ്റി ഷൂട്ടൗട്ടിൽ നിർണായകമായ അവസാന ഗോളും നേടിയ നെയ്മർ '100% ജീസസ്' എന്നെഴുതിയ ബാൻറ് തലയിൽ കെട്ടി സ്റ്റേഡിയത്തെ വലം വെച്ചപ്പോൾ ഈ ക്രിസ്തീയ സാക്ഷ്യം 100% വേറിട്ടതാണെന്ന് പലരും അഭിപ്രായം രേഖപ്പെടുത്തുന്നു.

വിതക്കാരന്റെ ഉപമ വായിച്ചാൽ ഒന്നുമനസ്സിലാകും, "എന്തുകൊണ്ടാണ് സുവിശേഷയജ്ഞങ്ങൾ പലപ്പോഴും ഫലം ചൂടാത്തതെന്നെന്ന്!"

നേരത്തെ ജൂൺ 6 ന് ചാംപ്യൻസ് ലീഗ് ട്രോഫിയുടെ ഫൈനലിൽ നെയ്മറുൾപ്പെടുന്ന ബാഴ്സലോണ വിജയികളായപ്പോൾ '100% ജീസസ്' എന്ന ഇതേ ബാൻഡ് നെയ്മർ നെറ്റിയിൽ അണിഞ്ഞിരിന്നു. അന്ന്! ബെർലിൻ ഒളിംപിക് സ്റ്റേഡിയത്തിൽ തടിച്ച് കൂടിയ 75,000 ഓളം വരുന്ന കാണികൾക്ക് മുമ്പിലും ടെലിവിഷനിലൂടെയും മറ്റും കളി നിരീക്ഷിച്ച കോടിക്കണക്കിന് ജനങ്ങളുടെ മുമ്പിലും തന്റെ ക്രിസ്തീയ വിശ്വാസം പങ്കുവച്ചിരുന്നു. ഓർക്കുക, "നല്ല നിലത്തു വീണ വിത്തുകൾ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി" (മത്താ 13,9) സാക്ഷ്യം നൽകുന്നു.

"എന്നിൽ വസിക്കാത്തവൻ
മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും
ഉണങ്ങിപ്പോവുകയും ചെയ്യുന്നു.
അത്തരം കമ്പുകൾ ശേഖരിച്ച് തീയിലിട്ടു കത്തിച്ചുകളയുന്നു.!"

യോഹ 15,6

ഫാ. ജോബി മേനോത്ത്
+91 944 7777 931